നം.എ5/24917/2015/ട്രാ.ക.

ടെലിഫോൺ: (0471) 2333314
ഫാക്സ്: (0471) 2333314
ട്രൻസ്പോർട്ട് കമ്മീഷണറേറ്റ്
ട്രാൻസ് ടവർ, വഴുതക്കാട്
തൈക്കാട് പി.ഒ.
തിരുവനന്തപുരം-695014
തീയ്യതി: 23/11/2015

പ്രേക്ഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാർക്കും
3. എല്ലാ സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസിലേയും ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാർക്കും

സർ,

വിഷയം:- മോ.വാ.വ. - ജീവനക്കാര്യം - വകുപ്പിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് സമുചിതമായ യാത്രയയപ്പ് നൽകുന്നത് സംബന്ധിച്ച്

ദീർഘനാളത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം മോട്ടോർ വാഹന വകുപ്പിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് സമുചിതമായ യാത്രയയപ്പ് നൽകുന്നത് സംബന്ധിച്ച് നടപടിയെടുക്കേണ്ടതിലെ ആവശ്യം ട്രാൻസ്പോർട്ട് കമ്മീഷണറുടെ ശ്രദ്ധയിൽപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ വകുപ്പിലെ എല്ലാ ജീവനക്കാരുടേയും അഭിപ്രായം ആരായുവാൻ തീരുമാനിച്ചു. ആയതിൻെറ അടിസ്ഥാനത്തിൽ വകുപ്പിൽനിന്നും വിരമിക്കുന്ന എല്ലാവിഭാഗം ജീവനക്കാരുടേയും യാത്രയയപ്പ് ചടങ്ങ് വകുപ്പാസ്ഥാനമായ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ വെച്ച് നടത്തുന്നതിലേയ്ക്കും ടി ചടങ്ങിൽ വിരമിക്കുന്ന ജീവനക്കാരേയും കഴിയുമെങ്കിൽ അവരുടെ കുടുംബാഗങ്ങളേയും വകുപ്പുതലവൻെറ സാന്നിദ്ധ്യത്തിൽ അദരിച്ച് പ്രശംസാപത്രം നൽകുന്നതിലേയ്ക്കും ജീവനക്കാരുടെ അഭിപ്രായം ആരാഞ്ഞ് മടക്കത്തപാലിൽ തന്നെ ലഭ്യമാക്കണമെന്ന് ഈ വകുപ്പിലെ എല്ലാ അഫീസ് മേധാവികളോടും നിർദ്ദേശിക്കുന്നു.

ഇത്തരത്തിലുള്ള ചടങ്ങ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഒപ്പോടുകൂടിയ പ്രശംസാപത്രം അതാത് ആഫീസിൽ ലഭ്യമാക്കി ജീവനക്കാരൻ ജോലിനോക്കുന്ന ആഫീസിൽ വെച്ച് നടത്തുന്നതിലെ ജീവനക്കാരുടെ അഭിപ്രായവും അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സി.വി. സുനിൽ കുമാർ
സീനിയർ അഡ്മിനിസ്റ്റ്രേറ്റീവ് ആഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി